SAMAGRA SHIKSHA – KERALA

# SECOND TERMINAL EVALUATION – 2018-19

## MALAYALAM – PAPER I

### CLASS VIII • SOLVED QUESTION PAPER

Year: 2018-19

Original Question Page + Separate Answer Page

*Every original question-paper page is followed immediately by its separate answer page.*

**A** **802**

# സമഗ്ര ശിക്ഷ, കേരളം
# അർദ്ധവാർഷിക മൂല്യനിർണ്ണയം 2018–19
## കേരളപാഠാവലി

സ്റ്റാന്റേർഡ് VIII

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചുമനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. (4x1=4)

1. " അന്നൊക്കെയെൻ നാട്ടിൽ ഭൂരിജനങ്ങൾക്കും
അന്നമൊരു സ്വപ്നമായിരുന്നു " - ഈ വരികളിൽ തെളിയുന്നത് എന്ത്?
   - സമൃദ്ധി
   - ദാരിദ്ര്യം
   - സമ്പന്നത
   - ഐശ്വര്യം

2. "പുസ്തകമെന്യേ പുണ്യാധ്യാപനം നടത്തുന്നോൻ" -
ഈ ആശയത്തോട് ഏറ്റവും യോജിക്കുന്നത് ഏത്?
   - സത്യവും അഹിംസയുമാണ് എന്റെ ദൈവം
   - പ്രയ്തനത്തിലാണ് സംതൃപ്തി, സാഫല്യത്തിലല്ല
   - അഹിംസ ഭീരുവിന്റെ ആയുധമല്ല, ധീരന്റേതാണ്
   - എന്റെ ജീവിതമാണ് എന്റെ സന്ദേശം

3. മാതൃകപോലെ എഴുതുക
മാതൃക: സൂര്യപുത്രൻ : സൂര്യന്റെ പുത്രൻ
കൗന്തേയൻ :

4. "സ്വയം നട്ടുവളർത്തിയ ചെടി. അത് ആകാശം നോക്കി വളർന്ന് ജീവിതപരിസരമാകെ തണൽ വിരിക്കുന്നു" - ആരുടെ ഉയർച്ചയാണിവിടെ സൂചിപ്പിക്കുന്നത്?
   - അമ്മയുടെ
   - സൈറയുടെ
   - ഉണ്ണിയുടെ
   - ഭൂമിമാതാവിന്റെ

5. മാതൃകപോലെ മാറ്റിയെഴുതുക
മാതൃക: വെള്ളക്കുതിര - വെള്ള+കുതിര
പച്ചിലത്തഴപ്പുകൾ -............................................

6 മുതൽ 8 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.
(2x2=4)

6. "വന്ദനം! വന്ദനം! വാർമെത്തും ദ്രാവിഡ
നന്ദിനിയായി വളർന്ന ഭാഷേ,
വന്ദനം! വന്ദനം! ചിത്തം കവർന്നിടും
ചന്ദനാമോദം കലർന്ന ഭാഷേ,
ജീവന്നു നൂതനോന്മേഷം പകർന്നിടും
ദേവഭാഷാമൃതം ചേർന്ന ഭാഷേ,"

മലയാളഭാഷയെക്കുറിച്ചുളള എന്തെല്ലാം സൂചനകളാണ് ഈ കാവ്യ ഭാഗത്ത് തെളിയുന്നത്?

7. "ഇല്ലിഹ സംഗം ലേപമെന്നിവ; സമസ്വച്ഛ-
മല്ലയോ വിഹായസ്സ്,വ്വണ്ണമെൻ ഗുരുനാഥൻ "- ഗാന്ധിജിയെ ആകാശത്തോട് താരതമ്യപ്പെടുത്തിയതിലെ ഔചിത്യം വ്യക്തമാക്കുക.

8. "സുയോധനന്റെ കപ്പൽ ഇപ്പോൾ നടുക്കടലിലാണ്. ആ നൗകയെ ഇങ്ങനെ നടുക്കടലിലേക്ക് ആനയിച്ചതിനുശേഷം, അതിൽ നിന്നു പിൻമാറുന്നതിലും നീചമായ കൃത്യം വേറെ എന്താണ് എനിക്കു ചെയ്യാൻ കഴിയുക?"- കർണ്ണന്റെ ഈ വാക്കുകളിൽ തെളിയുന്ന രണ്ടുസൂചനകൾ കണ്ടെത്തുക.

9 മുതൽ 14 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക.
(5x4=20)

9. "സാന്ദീപനീ ഗൃഹേ പണ്ടു സാഹസാൽ കഴിഞ്ഞതും നാം
സാദരം വേദശാസ്ത്രങ്ങളഭ്യസിച്ചതും
സാന്ദ്രസൗഹൃദസംബന്ധം നമ്മിലുണ്ടായതും സഖേ
സാരനായ ഭവാനൊന്നും മറന്നിലല്ലീ"

(സാന്ദ്രസൗഹൃദം)

"വാസുദേവാ! നിന്റെ മാഹാത്മ്യവും മഹാവീര്യവും ഞാൻ അറിയുന്നു. സൗഹൃദത്താൽ പ്രേരിതനായി നീ എനിക്കിന്ന് ഹിതമുപദേശിക്കുകയാണെന്നും ഞാൻ അറിയുന്നു."

(ധർമിഷ്ഠനായ രാധേയൻ)

രണ്ടു സന്ദർഭങ്ങളിലും തെളിയുന്ന സൗഹൃദത്തിന്റെ ഊഷ്മളത താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

10. "അമ്മ ,അമ്മയായിരുന്നു എല്ലാം; ജീവിതബന്ധത്തിന്റെ പൊട്ടാത്ത ചരട്"
"മകന്റെ നടപ്പാതകൾ അമ്മ അറിയുന്നു.അമ്മയുടെ വാത്സല്യമാണ് അവന്റെ ചുവടുകൾക്ക് പ്രകാശമാകുന്നത്."

(ഭൂമിയുടെ സ്വപ്നം)

- അമ്മയും മകനും തമ്മിലുള്ള ആത്മബന്ധത്തിന്റെ ആവിഷ്കാരമാണ് 'ഭൂമിയുടെ സ്വപ്നം' -സൂചനകൾ വിശകലനം ചെയ്തു സമർത്ഥിക്കുക.

11. "കേരളത്തൂമൊഴിയൊന്നു കേട്ടാൽമതി
കോരിത്തരിപ്പിന്റെ കൊയ്ത്തുകാലം
ഓജസ്സിൻ കാതലേ, നിന്നെയോർക്കുമ്പൊഴേ-
ക്കോരോ ഹൃദയവുമോടിയോടം"

(മാണിക്യവീണ)

- കാവ്യഭംഗി കണ്ടെത്തി കുറിപ്പു തയാറാക്കുക.

12. "ലോകമേ തറവാടു തനിക്കീ,ച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ;
ത്യാഗമെന്നതേനേട്ടം; താഴ്മതാനഭ്യുന്നതി
യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ"

ഗാന്ധിജിയുടെ എന്തെല്ലാം സവിശേഷതകളാണ് ഈ വരികളിൽ വ്യക്തമാകുന്നത് - വിശകലനം ചെയ്തു കുറിപ്പ് തയാറാക്കുക.

13. "ഇല്ല ദാരിദ്ര്യാർത്തിയോളം
വലുതായിട്ടൊരാർത്തിയും"

(കുചേലവൃത്തം).

"ഏതൊന്നറിഞ്ഞാൽ മറ്റെല്ലാമറിയാ-മാ
വേദം വിശപ്പെന്നറിഞ്ഞു കൊണ്ടാൽ......"

(യൂസഫലി കേച്ചേരി)

- ദാരിദ്ര്യത്തെക്കുറിച്ചുള്ള കവികളുടെ കാഴ്ചപ്പാടുകൾ താരതമ്യം ചെയ്തു കുറിപ്പു തയാറാക്കുക.

14. "എല്ലാവരോടും വിനയത്തോടെ പെരുമാറുമ്പോഴും തോറ്റുകൊടുക്കുകയില്ല എന്ന ദൃഢപ്രതിജ്ഞ; അപരാജിതയായ അമ്മയുടെ മകന് നക്ഷത്രപഥങ്ങൾ സ്വപ്നം."

"ആദ്യമായി ഗ്രാമത്തോടു യാത്രപറയുമ്പോൾ മനസ്സ് നിശ്ശൂന്യമാക്കാൻ ശ്രമിച്ചു. ഞാൻ എങ്ങും പറന്നകലുന്നില്ല.എപ്പോഴും അമ്മയോട് ഒപ്പമാണ്."

-ഉണ്ണിയുടെ കാഴ്ചപ്പാടുകൾ നമുക്ക് പ്രചോദനമാകുന്നുണ്ടോ? പാഠസന്ദർഭങ്ങൾ പരിഗണിച്ച് പ്രതികരണക്കുറിപ്പു തയാറാക്കുക.

15 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.
(2x6=12)

15. "ഉണ്ണാവ്രതവുമായന്യരെയൂട്ടുന്നൊ-
രെന്നുമ്മതൻ യജ്ഞം കണ്ടുനിൽക്കെ
നീറുമെന്നുള്ളം കുറുകീ:പഴയരി-
ച്ചോറെനിക്കുണ്ടല്ലോ വേണ്ടുവോളം"

(വേദം)

"അമ്മയുടെ വാത്സല്യമാണ് അവന്റെ ചുവടുകൾക്കു പ്രകാശമാകുന്നത്. ഒരിക്കലും ആ വെളിച്ചത്തിനു മങ്ങലേൽക്കുകയുണ്ടായില്ല. പാതിരാവിലും ഉണർന്നിരുന്നു പഠിക്കുമ്പോൾ അമ്മയും ഉറങ്ങാതിരുന്നു"

(ഭൂമിയുടെ സ്വപ്നം)

- മാതൃസ്നേഹത്തിന്റെ വറ്റാത്ത മാതൃകകളാണ് ഈ അമ്മമാർ. പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

16. "ഞാൻ അർഥത്തെ വില വയ്ക്കുന്നവനല്ല. അർഥത്താൽ വിലയ്ക്കു വാങ്ങാവുന്നവനുമല്ല"

"ആ സുയോധനനുമായുള്ള വേഴ്ചയെ ഞാൻ ഭർത്സിച്ചാൽ നീചമായ കൃതഘ്നത പോലും എന്നെ കണ്ടാൽ ലജ്ജിച്ചു തലതാഴ്ത്തുകയില്ലേ?"

"സുയോധനന്റെ കപ്പൽ ഇപ്പോൾ നടുക്കടലിലാണ് ആ നൗകയെ ഇങ്ങനെ നടുക്കടലിലേക്ക് ആനയിച്ചതിനുശേഷം അതിൽ നിന്നു പിന്മാറുന്നതിലും നീചമായ കൃത്യം വേറെ എന്താണ് എനിക്കു ചെയ്യാൻ കഴിയുക?"

-സൂചനകളുടെ അടിസ്ഥാനത്തിൽ കർണ്ണൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്തു കുറിപ്പ് തയാറാക്കുക.

17. "നിന്മുലപ്പാലിന്റെ വീര്യമുൾക്കൊണ്ടതെൻ
ജന്മജന്മാന്തരപുണ്യമല്ലേ.
വശ്യമാം ശൈലിയിൽ നിന്നെജ്ജയിപ്പൊരു
വിശ്വമനോഹരഭാഷയുണ്ടോ"

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

"ഞാൻ മാതൃഭാഷയോട്, അതിനെന്തെല്ലാം കുറവുണ്ടായിരുന്നാലും മാതാവിന്റെ മാറിനോടെന്നപോലെ പറ്റിനിൽക്കുന്നു. അതിനുമാത്രമേ എനിക്ക് ജീവദായകമായ മുലപ്പാൽ തരാനാകൂ."

ഗാന്ധിജി

തന്നിരിക്കുന്ന സൂചനകൾ ഉപയോഗപ്പെടുത്തി 'എന്റെ ഭാഷ എന്റെ അഭിമാനം' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയാറാക്കുക.